## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 58 02/12/2014-ൽ മറുപടിക്ക്

### ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. കെ.വി. വിജയദാസ് :<br>ശ്രീ. വി. ചെന്താമരാക്ഷൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിൽ ശിശുക്കളുടെയും ഗർഭസ്ഥ ശിശുക്കളുടെയും മരണങ്ങൾ തുടർക്കഥയാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിനും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | പരിശോധിച്ചിട്ടുണ്ട്. അട്ടപ്പാടിയെ സംബന്ധിച്ചിടത്തോളം വിവിധ വകുപ്പുകൾ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ വിജയകരമായി ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് ആ പ്രദേശത്തെ പ്രത്യേക സാഹചര്യം കാരണം കഴിഞ്ഞിട്ടില്ല. ഇത് കാലാകാലങ്ങളിൽ പരിശോധിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. അട്ടപ്പാടിയിലെ മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നതിനായി റിട്ട. ഐ.എ.എസ് ഉദ്യോഗസ്ഥനായ ഡോ. എസ്. സുബ്ബയ്യയെ സ്പെഷ്യൽ ഓഫീസറായി സർക്കാർ നിയമിച്ച് സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തുന്നുണ്ട്. ശിശുമരണം വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഈ വിഷയം ഗൗരവകരമായികണ്ട് വിലയിരുത്തുന്നതിനും ശ്വാശത പരിഹാരം കണ്ടെത്തുന്നതിനുമായി പട്ടികവർഗ്ഗക്ഷേമം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതി അട്ടപ്പാടിയിൽ നേരിട്ട് സന്ദർശനം നടത്തി കൂട്ടായ ചർച്ചകളിലൂടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് വിവിധ സർക്കാർ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലയിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് പഠിച്ചും പരിഹാരമാർഗ്ഗങ്ങൾ ശാസ്ത്രീയമായി അവലോകനം ചെയ്തും പദ്ധതികൾ ആവിഷ്കരിക്കുന്നതിലെ വീഴ്ചകൾ ഈ മേഖലയിൽ പ്രതിസന്ധി മൂർച്ഛിക്കുന്നതിന് കാരണമാകുന്നുണ്ടോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ യഥാസമയം വിലയിരുത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (സി) | സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പട്ടികവർഗ്ഗയുവജനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയിട്ടുള്ള അവലോകന യോഗങ്ങളിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 06/06/2013 ന് ബഹു. മുഖ്യമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയും ഗ്രാമ വികസന വകുപ്പ് മന്ത്രിയും തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയും അട്ടപ്പാടി സന്ദർശിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 10/11/2014, 11/11/2014 തീയതികളിൽ ബഹു. വകുപ്പ് മന്ത്രി വീണ്ടും അട്ടപ്പാടി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. കൂടാതെ സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉപാദ്ധ്യക്ഷനായുള്ള സമിതി 08/10/2013, 19/02/2014, 13/06/2014 തീയതികളിൽ യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശം എന്നിവ സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു. |
| (ഡി) | പ്രഖ്യാപിത കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്? | (ഡി) | പ്രഖ്യാപിച്ച പദ്ധതികൾ എല്ലാം നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**